## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **27-07-2021 - ൽ മറുപടിയ്ക്ക്**

## ആയഞ്ചേരി വേളം കോൾനിലം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ആയഞ്ചേരി വേളം കോൾ നിലം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ്-XIIൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച പദ്ധതി കെ.എൽ.ഡിസി.യെ ഏൽപ്പിച്ചിരുന്നുവെങ്കിലും പ്രോജക്ട് എസ്റ്റിമേറ്റിലെ അപര്യാപ്തതമൂലവും നബാർഡിന്റെ പ്രസ്തുത ട്രാഞ്ചെയുടെ കാലപരിധി അവസാനിപ്പിച്ചതിനാലും പദ്ധതി അവസാനിപ്പിക്കേണ്ടി വന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് കൊണ്ട് തുലാത്ത് നടക്കു സമീപം ഒരു വി.സി.ബി നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയും കെ.എൽ.ഡി.സി, ടെൻഡർ, റീടെൻഡർ, സീൽഡ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് ലോക്കൽ ക്വട്ടേഷൻ വഴി പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. ഏറ്റെടുത്ത പ്രവൃത്തിയിൽ, തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും പൂർത്തിയാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. നബാർഡിന്റെ പ്രസ്തുത ട്രാഞ്ചെയുടെ കാലപരിധി അവസാനിച്ചതിനാൽ കെ.എൽ.ഡി.സി.യ്ക്ക് പദ്ധതി അവസാനിപ്പിക്കേണ്ടതായി വന്നു |
| (സി) | സി.ഡബ്ല്യൂ.ആർ.ഡി.എം. സർവ്വേ പ്രകാരമാണോ പ്രസ്തുത പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (സി) | സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ സർവ്വേ പ്രകാരം കോഴിക്കോട് ജില്ല പഞ്ചായത്ത് ആണ് ഡി.പി.ആർ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയത്. |
| (ഡി) | ഉപ്പുവെള്ളം കയറാതിരിക്കാൻ വെന്റഡ് ക്രോസ്സ് ബാർ നിർമ്മാണം പ്രസ്തുത പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ഉപ്പുവെള്ളം കയറാതിരിക്കാൻ വേണ്ടി മീൻപാലം വി.സി.ബി.യുടെ റിപ്പയർ പ്രവൃത്തികൾ ഉൾപ്പെടെ മൂന്ന് വി.സി.ബി.കൾ പദ്ധതിരേഖയിൽ വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. ഇതിൽ ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ പ്രായോഗിക ബുദ്ധിമുട്ടുകളാൽ റിപ്പയർ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (ഇ) | വെള്ളമൊഴുക്ക് നിലനിർത്താനായി എന്തൊക്കെ കാര്യങ്ങൾ പ്രൊജക്റ്റിൽ വിഭാവനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | രണ്ട് കുളങ്ങളുടെ പുനരുദ്ധാരണം, 10 പെട്ടി പറ സംവിധാനം സ്ഥാപിക്കൽ, തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കൽ എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടായിരുന്നു. |
| (എഫ്) | പ്രസ്തുത ഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ? | (എഫ്) | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് തുലാത്ത് നടക്കു സമീപം ഒരു വി.സി.ബി നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയും കെ.എൽ.ഡി.സി, ടെൻഡർ, റീടെൻഡർ, സീൽഡ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് ലോക്കൽ ക്വട്ടേഷൻ വഴി പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ക്ഷണിക്കാനുള്ള നടപടിക്രമം സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ